**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .8020 — 16.07.2014 ൽ മറുപടിക്ക്

## ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി കെ.എസ്.സലീഖ** | **ശ്രീ.പി .കെ.കുഞ്ഞാലിക്കുട്ടി** **(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ആധാർ വിവരങ്ങൾ ഐ.ടി വകുപ്പിന്റെ അനാസ്ഥ മൂലം മറ്റുരാജ്യങ്ങളുടേയും ഏജൻസികളുടേയും കൈകളിലെത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) സ്റ്റേറ്റ് ഡാറ്റാ സെന്ററിലും UIDAI യുടെ കേന്ദ്ര സെർവറിലുമായി സൂക്ഷിച്ചിട്ടുള്ള ആധാർ വിവരങ്ങൾ മറ്റ് രാജ്യങ്ങളുടേയോ ഏജൻസികളുടേയോ കൈകളിൽ എത്തിയിട്ടില്ല. |
| (ബി) സെർവറുകളിൽ വിവരശേഖരണത്തിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കാൻ ഐ.ടി. വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയത് എന്നും അവരുമായി ഉണ്ടാക്കിയ കരാറും നിബന്ധനകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (ബി) ആധാറുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുന്നതിന് അഖിലേന്ത്യാ തലത്തിൽ UIDAI നൽകിയ സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തിന് ആവശ്യമായ അധിക വിവരങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കാൻ കെൽട്രോണിനെയാണ് ഐ.ടി മിഷൻ ചുമതലപ്പെടുത്തിയത്. കരാർ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി സോഫ്റ്റ് വെയർ നിർമ്മാണം, പരിപാലനം, ഡാറ്റാബാങ്ക് നിയന്ത്രണം എന്നിവ ഐ.ടി വകുപ്പുമായി കരാറിലേർപ്പെട്ട സ്ഥാപനവും ഐ.ടി. വകുപ്പും കൂടി മറ്റു സ്വകാര്യ ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാം;വിശദാംശം വ്യക്തമാക്കുമോ ; | (സി) സോഫ്റ്റ് വെയർ നിർമാണവും പരിപാലനവും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ കെൽട്രോണിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡാറ്റാ ബേസ് നിയന്ത്രണം ഐ.ടി മിഷനാണ് നിർവ്വഹിക്കുന്നത്. ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള അധിക വിവരങ്ങൾ ശേഖരിക്കുന്നതിനായി M/s.ഓസ്പിൻ ടെക്നോളജീസ് വികസിപ്പിച്ച സോഫ്റ്റ് വെയർ കെൽട്രോൺ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇവരുമായി കരാർ ഇല്ല എങ്കിൽ ആധാർ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സ്വകാര്യ കമ്പനിയുടെ വിവരങ്ങളും ഉന്നത ബന്ധങ്ങളും, വിവരങ്ങൾ ചോർത്തി നൽകിയതും അതിലൂടെ പൊതുജനങ്ങളുടെ വിവരങ്ങൾ തീവ്രവാദികൾക്കു ലഭിക്കാനിടയുണ്ടോ എന്നതും സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തുമോ; | (ഡി) ആധാർ വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് കൈമാറിയെന്ന ആരോപണം ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഐ.ടി മിഷനിൽ നിന്നും കെൽട്രോണിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. യു.ഐ.ഡി സോഫ്റ്റ് വെയർ ഉപയോഗിച്ച് എൻക്രിപ്റ്റ് ചെയ്തു ശേഖരിക്കുന്ന വിവരങ്ങളായതിനാൽ ആധാർ വിവരങ്ങൾ സ്വകാര്യ ഏജൻസിക്കോ വ്യക്തികൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ ലഭ്യമാക്കാൻ സാധിക്കില്ല. |
| (ഇ) ആധാർ വിവരങ്ങൾ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ഐ.ടി വകുപ്പ് നാളിതുവരെ എന്തു തുക ചിലവഴിച്ചു ; എന്തു തുകയുടെ കേന്ദ്ര സഹായം ലഭ്യമായി; വ്യക്തമാക്കുമോ ? | (ഇ) സംസ്ഥാന സർക്കാരിനു ആധാർ പ്രോജക്ടുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവ് ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഇതിനാവശ്യമായ എല്ലാ ചെലവുകളും യുണിക്ക് ഐഡൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ(യു.ഐ.ഡി.എ.ഐ) ആണ് വഹിക്കുന്നത്. ഇത് വരെ 9866.48 ലക്ഷം രൂപ കേന്ദ്ര സഹായ ധനമായി ലഭിച്ചതിൽ 8386.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ